**<u>വിദേശകാര്യ സെക്രട്ടറി ഇറാനിലെ ഉപ വിദേശകാര്യ മന്ത്രിയുമായി നടത്തിയ ചര്‍ച്ച</u>**

**നവംബര്‍ 25, 2013**

വിദേശകാര്യ സെക്രട്ടറി സുജാത സിംഗ് ഇറാനിലെ ഉപ വിദേശകാര്യമന്ത്രി ശ്രീ ഇബ്രാഹിം റഹിംപൌറുമായി ഇന്നലെ ന്യൂഡെല്‍ഹിയില് (നവംബര്‍ 25 , 2013 ) ചര്‍ച്ചകള് നടത്തി. ഇന്ത്യയും ഇറാനും തമ്മില്‍ നടക്കുന്ന ഉന്നത തല വിദേശകാര്യ കാര്യാലയ ചര്‍ച്ചകളുടെ ഭാഗമായിട്ടായിരുന്നു ചര്‍ച്ച . ജനീവയില്‍ വച്ച് ഒരു ദിവസം മുന്‍പെ തീരുമാനിക്കപ്പെട്ട ഇറാനും ഇ 3+3 നുമിടയില് തീരുമാനിച്ച കരാറുകളോടുള്ള തന്റെ സംതൃപ്തി സെക്രട്ടറി ഇറാനിലെ ഉപ വിദേശകാര്യ മന്ത്രിയെ അറിയിച്ചു. ഇറാന്റെ ആണവ ചോദ്യങ്ങള്‍ക്കു പരിഹാരം ഉണ്ടാകാന് ചര്‍ച്ചകളിലൂടെയും നയതന്ത്രപ്രവര്‍ത്തനത്തിലൂടെയും പുതിയ ദിശ ഉണ്ടാക്കുവാന്‍ ഈ കരാറിലൂടെ സാധിക്കുമെന്ന ഇന്ത്യയുടെ പ്രതീക്ഷ സെക്രട്ടറി കൈമാറി.

ചര്‍ച്ചയില് ഉഭയകക്ഷി ബന്ധങ്ങള് പരിപൂര്‍ണമായി വിശകലനം ചെയ്തു . ഇരു രാജ്യങ്ങള്‍ക്കുമിടയില് സാമ്പത്തിക സഹകരണം വികസിപ്പിച്ചെടുക്കുവാന്‍ പ്രാപ്തമായ ഇനിയും ഉപയോഗിയ്ക്കാത്ത അനേകം സാധ്യതകള്‍ പ്രത്യേകിച്ചും ഊര്‍ജവും ഗതാഗതവും തുടങ്ങിയ വിഷയങ്ങളില് എന്നു ഇരു വിഭാഗവും സമ്മതിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ടു ഇറാനിലെ ചാഹ്ബഹാര്‍ തുറമുഖം ആ മേഖലയിലെ വ്യാപാര ഊര്‍ജ കേന്ദ്രം ആക്കി വികസിപ്പിക്കുന്നതിന് ആവശ്യമായ സംയുക്ത സഹകരണ പ്രവര്‍ത്തനങ്ങള് തീരുമാനിക്കുന്നതിന് ആവശ്യമായ പ്രവര്‍ത്തനങ്ങള് ത്വരിതപ്പെടുത്താമെന്ന് ഇരു വിഭാഗവും തീരുമാനിച്ചു.

അഫ്ഗാനിസ്ഥാനിലേയും മിഡിൽ ഈസ്റ്റിലെയും മാറ്റങ്ങള് ഉൾപ്പെടെ മേഖലാ വികസന കാര്യങ്ങളും ഇരു വിഭാഗവും ചർച്ച ചെയ്തു .
ഉപ വിദേശകാര്യ മന്ത്രി റഹിംപൌർ ആദരണീയനായ ഉപ രാഷ്ട്രപതി , വിദേശകാര്യ മന്ത്രി , ദേശീയ സുരക്ഷാ ഉപദേഷ്ടാവ് എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

**ന്യൂഡെൽഹി**
**നവംബർ 25, 2013**